**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 203** **07-10-2024 - ൽ മറുപടിയ്ക്ക്**

**അരൂക്കുറ്റി എഫ്.എച്ച്.സി-യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി എഫ്.എച്ച്.സി-യിൽ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ട് പ്രകാരം നിർദ്ദേശിച്ച ഐസൊലേഷൻ വാർഡ് നിർമ്മാണം പൂർണ്ണമായും നിലച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അനുവദിച്ച ഐസോലേഷൻ വാർഡിന്റെ നിർമ്മാണം 38 % പൂർത്തിയായിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ഏജൻസിയായ തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നേരിട്ട പ്രതിസന്ധി കാരണം നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ